ഉത്തരം

(എ—സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

2004-ലെ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ എണ്ണം

141 [3323] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2004 വർഷത്തിൽ എത്ര പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ ഉണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

2003-2004 അദ്ധ്യയന വർഷത്തിലെ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവ്വടെ കൊടുക്കുന്നു:

1.	തിരുവനന്തപുരം	..	22
2.	കൊല്ലം	..	46
3.	പത്തനംതിട്ട	..	73
4.	കോട്ടയം	..	8
5.	ഇടുക്കി	..	6
6.	എറണാകുളം	..	24
7.	തൃശ്ശൂർ	..	43
8.	പാലക്കാട്	..	60
9.	മലപ്പുറം	..	301
10.	ആലപ്പുഴ	..	126
11.	കോഴിക്കോട്	..	368
12.	കണ്ണൂർ	..	438
13.	വയനാട്	..	—
14.	കാസർഗോഡ്	..	81

ഡിസ്ട്രിക്ട് മെറിറ്റ് സ്കോളർഷിപ്പ്

142 [3324] ശ്രീ വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിസ്ട്രിക്ട് മെറിറ്റ് സ്കോളർഷിപ്പ് ഏത് വർഷം വരെയാണ് നൽകിയിട്ടുള്ളത്;

(ബി) എത്ര വർഷത്തേക്കുള്ള കുടിശ്ശിക കൊടുത്തു തീർക്കുവാനുണ്ട്;

(സി) പ്രസ്തുത സ്കോളർഷിപ്പ് കുടിശ്ശിക എത്രയും വേഗം കൊടുത്ത് തീർക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഡിസ്ട്രിക്റ്റ് മെറിറ്റ് സ്കോളർഷിപ്പ് 1991 മുതൽ 1999-2000 വരെയുള്ള വർഷങ്ങളിൽ അപേക്ഷകൾ കിട്ടുന്ന മുറയ്ക്ക് അടിസ്ഥാന വർഷത്തേയും, പുതുക്കിയ തുടർന്നുള്ള വർഷങ്ങളിലേയും അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്. 2000-2001 വർഷത്തേതിൽ അപേക്ഷ കിട്ടിയതനുസരിച്ച് അടിസ്ഥാന വർഷത്തേക്ക് മാത്രം അനുവദിച്ച് വിതരണം ചെയ്തിട്ടുണ്ട്.

(ബി) 1991 മുതൽ 2000 വരെ എസ്. എസ്. എൽ. സി. പാസ്സായ വിദ്യാർത്ഥികൾക്ക് അടിസ്ഥാന വർഷത്തേയും പുതുക്കിയ വർഷങ്ങളിലേയ്ക്കും അപേക്ഷകൾ കിട്ടിയ മുറയ്ക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. 2000-2001 വർഷത്തിലെ വിദ്യാർത്ഥികൾക്ക് അടിസ്ഥാന വർഷത്തിലെ സ്കോളർഷിപ്പ് മാത്രമേ അനുവദിച്ചിട്ടുള്ളൂ. 2001-2002, 2002-2003 എന്നീ വർഷങ്ങളിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്കോളർഷിപ്പ് അനുവദിക്കേണ്ടതുണ്ട്. തുടർന്നുള്ള വർഷങ്ങളിലേയ്ക്കും അർഹതപ്പെട്ട അപേക്ഷകൾക്ക് പുതുക്കൽ നൽകേണ്ടതുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

ഗൾഫ് രാജ്യങ്ങളിലേക്ക് വിസ ലഭിക്കുന്നതിനുള്ള പരീക്ഷ

143 [3325] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:

„ വി. കെ. ഇബ്രാഹിം കുഞ്ഞ്:

„ പി. കെ. കെ. ബാവ:

„ സി. മമ്മൂട്ടി:

„ പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.എ.ഇ. തുടങ്ങിയ ഗൾഫ് രാജ്യങ്ങളിലേക്ക് വിസ ലഭിക്കുന്നതിന് എസ്.എസ്.എൽ.സി. നിർബന്ധമാക്കിയതിനാൽ എസ്.എസ്.എൽ.സി. തോറ്റവരും ഇടയ്ക്ക് വച്ച് പഠനം നിർത്തിയവരുമായ തൊഴിൽ രഹിതരായ ഒരു വലിയ വിഭാഗത്തിന് എസ്. എസ്. എൽ. സി. പാസ്സാകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള തൊഴിൽ രഹിതരായവരുടെ ഭാവി കണക്കിലെടുത്ത് യു. എ. ഇ. തുടങ്ങിയ ഗൾഫ് രാജ്യങ്ങളിലേക്ക് വിസ ലഭിക്കുന്നതിന് ആവശ്യമായ തുല്യതാ പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly